ശ്ശേരിയിലെ കാൻസർ ആശുപത്രി നിർമ്മാണം സംബന്ധിച്ച് സർക്കാർ 25.4.98ൽ മറ്റൊരു ധാരണാപത്രത്തിലും ഒപ്പു വച്ചിട്ടുണ്ട്. ഈ സംസ്ഥാന ത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നില്ല.

(ഡി) സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുമ്പോൾ ടീ കമ്പനിയുടെ പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ടായിരുന്നു.

(ഇ) അതെ.

(എഫ്) ഇല്ല. വിജിലൻസ് അന്വേഷണം നടക്കുന്നതുകൊണ്ട് മാത്രം ഒരു കമ്പനി കുറ്റക്കാരാണെന്ന് കണ്ട് നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ല.

(ജി) കരുതുന്നില്ല

(എച്ച്) ധാരണാപത്രങ്ങളുടെ പകർപ്പ്† അടക്കം ചെയ്തിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ

1 (3400)ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ രൂപീകൃതമായതെന്നാണ്; ഇതിന്റെ സംസ്ഥാന ആഫീസ് ഏതു ജില്ലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനമൊട്ടാകെ ഈ കോർപ്പറേഷന് എത്ര റീജിയണൽ ആഫീസുകൾ ഉണ്ട്; അതെവിടെയെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന ആഫീസുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ ആഫീസുകൾക്കായി എത്ര തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്; ഈ തസ്തികകളിലെ നിയമനം ഏതു വ്യവസ്ഥയിലാണിപ്പോൾ നടത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവർത്തനം ആരംഭിച്ചതുമുതൽ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതനത്തിൽ എത്രപേർ ജോലി ചെയ്തിരുന്നു; ഇവർ എത്ര വർഷം ജോലി ചെയ്തിരുന്നു; ഇവരിൽ എത്ര പേരെ പിരിച്ചയച്ചു; അതിനു കാരണമെന്തായിരുന്നു; ദിവസവേതനത്തിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു. പിരിച്ചു വിട്ടവരുടെ പ്രശ്നം ഇപ്പോൾ ജില്ലാ ലേബർ ആഫീസറുടെ പരിഗണനയിലുണ്ടോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് കോർപ്പറേഷൻ എന്തെങ്കിലും വ്യവസ്ഥ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ഇ) കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. യ്ക്കു വിടുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; നിയമനങ്ങൾ എന്നത്തേയ്ക്ക് പി.എസ്.സി.ക്ക് വിടുമെന്ന് അറിയിക്കുമോ;

(എഫ്) ഇവിടെ നേരിട്ട് നിയമനം നടത്താൻ മാനേജ്മെന്റ് ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത നീക്കം തടയുവാൻ നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തിയിട്ട് അവരെ സ്ഥിരപ്പെടുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; അതിനുള്ള നീക്കം നടക്കുന്നുണ്ടെങ്കിൽ അതു തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.2.1995-ൽ കോർപ്പറേഷൻ രൂപീകൃതമായി. ആസ്ഥാന ആഫീസ് തിരുവനന്തപുരം ജില്ലയിലാണ്. ആറ് റീജിയണൽ ആഫീസുകളുണ്ട്. കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ. ഇതുകൂടാതെ ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഓരോ ജില്ലാ ഓഫീസുകളുമുണ്ട്.

(ബി) തസ്തികകളുടെ എണ്ണം 217. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതന വ്യവസ്ഥയിലുമാണ് ഇപ്പോൾ നിയമനം നടത്തുന്നത്.

(സി) ഇപ്പോൾ 65 പേർ ദിവസവേതനത്തിൽ ജോലി ചെയ്യുന്നു. മറ്റു വിവരങ്ങൾ ജില്ലാ ആഫീസുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) നിയമനം പി.എസ്.സി ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട്. എന്നത്തേയ്ക്ക് വിടണമെന്നു തീരുമാനിച്ചിട്ടില്ല.

(എഫ്)ഉണ്ട്.

(ജി)&(എച്ച്) നിയമനം പി.എസ്.സി യ്ക്ക് വിടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം നിയമനം നടത്തുന്നതിന് ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള നടപടികളും വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് സ്ഥിരം നിയമനം നടത്തുന്നതിന് കോർപ്പറേഷൻ നടപടികൾ എടുത്തിട്ടുള്ളത്. അതിനാൽ ഗവണ്മെന്റ് ഇടപെടേണ്ട ആവശ്യം ഇല്ല.

പിന്നോക്ക - പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവസരസമത്വം

2 (3401)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവസരസമത്വം ലഭിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സംസ്ഥാന സർവീസിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സർക്കാരിന്റെ ചെലവു ചുരുക്കൽമൂലം പിന്നോക്ക വിഭാഗക്കാർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly